"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - കോഴിക്കോട് താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലെ എഫ്.പി.എസ്. 252 ന്റെ സ്ഥിരം ലൈസൻസി നിയമനം - ശ്രീ.രാജരത്നം സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭക്ഷ്യപൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.258/2024/F&CS തീയതി,തിരുവനന്തപുരം, 21-08-2024

---

പരാമർശം:-

1. ജില്ലാ സപ്ലൈ ഓഫീസറുടെ 15.05.2023 തീയതിയിലെ DSO KKD/262/223-CS2 നമ്പർ നടപടിക്രമം
2. ജില്ലാ കളക്ടറുടെ 18.01.2024 തീയതിയിലെ DSOKKD/271/2023/CS2 നമ്പർ നടപടിക്രമം
3. ശ്രീ. രാജരത്നം സർക്കാരിൽ സമർപ്പിച്ച 29.02.2024 തീയതിയിലെ റിവിഷൻ ഹർജി.
4. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 16.05.2024 തീയതിയിലെ CCS/2199/2024-A8 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലെ ന്യായവിലകട 252-ന്റെ ലൈസൻസി നിയമനത്തിനായി ശ്രീ.രാജരത്നം സമർപ്പിച്ച അപേക്ഷയും,അപ്പീലും യഥാക്രമം കോഴിക്കോട് ജില്ലാ സപ്ലൈ ഓഫീസറും, ജില്ലാ കളക്ടറും നിരസിച്ച് ഉത്തരവായതിനെതുടർന്ന്, ടിയാൻ പരാമർശം (4) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി.

2. കോഴിക്കോട് താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലെ എഫ്.പി.എസ്. 252-ന്റെ സ്ഥിരം ലൈസൻസി നിയമനത്തിനായി ജില്ലാ സപ്ലൈ ഓഫീസർ വിജ്ഞാപനം ക്ഷണിച്ചിരുന്നു. ടി വിജ്ഞാപനം റദ്ദ് ചെയ്യണമെന്നും എ.ആർ.ഡി 252-ൽ സെയിൽസ്മാനായി പ്രവർത്തിക്കുന്ന തന്നെ പ്രസ്തുത കടയുടെ സ്ഥിരം ലൈസൻസിയായി നിയമിക്കണം എന്നും ആവശ്യപ്പെട്ട് ശ്രീ.രാജരത്നം ബഹു.ഹൈക്കോടതിയിൽ WP(C) 20561/2022 ആയി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കടയിൽ സെയിൽസ്മാൻ ആയി ജോലി നോക്കുന്ന ശ്രീ.രാജരത്നം റിട്ട് പെറ്റീഷനിൽമേലുള്ള ഹൈക്കോടതിയുടെ വിധിപ്പകർപ്പ് കൈപ്പറ്റി രണ്ട് ആഴ്ച സമയപരിധിയിൽ എല്ലാ രേഖകളും സഹിതം സ്ഥിരം ലൈസൻസി നിയമനത്തിന് അപേക്ഷിക്കാൻ നിർദ്ദേശിച്ച് കൊണ്ട് ബഹു. ഹൈക്കോടതി വിധി പുറപ്പെടുവിക്കുകയും ശ്രീ.രാജരത്നം അപ്രകാരം പ്രസ്തുത കടയുടെ

ലൈസൻസി നിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

3.കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ (നിയന്ത്രണ) ഉത്തരവ് 2021 നിലവിൽ വന്ന 18.02.2021 ന്റെ മുമ്പ് ലൈസൻസ് റദ്ദ് ചെയ്ത് അറ്റാച്ച് ചെയ്ത് റേഷൻ കടയിലെ സെയിൽസ്മാന് പത്ത് വർഷത്തിൽ കൂടുതൽ അതേ റേഷൻകടയിൽ സെയിൽസ്മാനായി പ്രവർത്തി പരിചയം ഉണ്ടെങ്കിൽ കൂടിയും കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ (നിയന്ത്രണ) ഉത്തരവ് 2021 ഖണ്ഡിക 37(5) പ്രകാരം നിയമനം ലഭിക്കാൻ അർഹത ഇല്ലാത്തതിനാൽ ജില്ലാസപ്ലൈ ഓഫീസർ പരാമർശം (1) പ്രകാരം ടിയാന്റെ അപേക്ഷ നിരസിച്ചുത്തരവായി. ടി ഉത്തരവിനെതിരെ ശ്രീ രാജരത്നം ബഹു. ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിച്ചെങ്കിലും ഇതേ കാരണത്താൽ തന്നെ ജില്ലാ കളക്ടറും പരാമർശം (2) പ്രകാരം പ്രസ്തുത അപ്പീൽ അപേക്ഷ നിരസിച്ചുത്തരവാകുകയാണുണ്ടായത്.

4. പരാമർശം (1),(2) നടപടിക്രമങ്ങൾക്കെതിരെയാണ് ശ്രീ.രാജരത്നം പരാമർശം (3) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്. ടി ഹർജിയുടെ അടിസ്ഥാനത്തിൽ, 19.06.2024-ൽ ഹർജിക്കാരനെ നേരിൽ കേൾക്കാൻ തീരുമാനിക്കുകയുണ്ടായി.ശ്രീ.രാജരത്നത്തെ പ്രതിനിധീകരിച്ച് AKRRDA ജനറൽ സെക്രട്ടറി ശ്രീ.മുഹമ്മദലി ഹാജരാകുകയുണ്ടായി. നിലവിലുള്ള ലൈസൻസി രാജിവച്ചതിനെത്തുടർന്ന 03/12/2016 മുതൽ 30/06/2017 വരെ കോഴിക്കോട് താലൂക്കിലെ FPS 15 (252) ന്റെ ലൈസൻസ് ശ്രീ രാജരത്നത്തിന് അനുവദിച്ചിരുന്നു. അത് താലൂക് സപ്ലൈ ആഫീസർ ക്യാൻസൽ ചെയ്യുകയുണ്ടായെന്നും ഇത് താലൂക്ക് സപ്ലൈ ആഫീസറുടെ അധികാര പരിധിയിലുള്ള കാര്യമല്ലായിരുന്നുവെന്നും ഇപ്പോൾ ടി FPS ശ്രീ മുഹമ്മദലിയുടെ ARD 370 നോട് ചേർത്ത് പ്രവർത്തിക്കുമ്പോഴും ഹർജിക്കാരൻ സെയിൽസ്മാനായി തുടരുകയാണെന്നും റേഷൻകട നടത്തിപ്പിൽ സെയിൽസ്മാനുള്ള മുൻഗണന 2021 ലെ KTPDS Order നിലവിൽ വന്നപ്പോൾ നഷ്ടമായെന്നും, അറ്റാച്ച് ചെയ്ത കടയുടെ സൈൽസ്മാന്റെ സീനിയോറിറ്റി പ്രസ്തുത കടയുടെ ലൈസൻസിനായി പരിഗണിക്കുകയില്ലെന്നുള്ളത് തീർത്തും നീതിനിഷേധമാണെന്നും ശ്രീ മുഹമ്മദലി ബോധിപ്പിച്ചു. സെയിൽസ്മാന് പരിഗണന നൽകുന്ന രീതിയിൽ KTPDS Order ഭേദഗതി ചെയ്യണമെന്നും ഇതിനായി സർക്കാർ മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ള സാഹചര്യത്തിൽ status quo നിലനിർത്തണമെന്നും പുതിയ വിജ്ഞാപനം നടത്താതെ FPS 252 ന്യായവില കടയുടെ ലൈസൻസിയായി സെയിൽസ്മാനായി രവൃത്തി പരിചയവും മതിയായ വിദ്യാഭ്യാസ യോഗ്യതയുമുള്ള ശ്രീ.രാജരത്നത്തെ നിയമിക്കണമെന്നും ശ്രീ മുഹമ്മദാലി ആവശ്യപ്പെട്ടു.

5. ശ്രീ.രാജരത്നം സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി,ടിയാന്റെ അപേക്ഷ, അപ്പീൽ എന്നിവ നിരസിച്ച പരാമർശം (1), (2) നടപടിക്രമങ്ങൾ, ഈ വിഷയത്തിലുള്ള പൊതുവിതരണഉപഭോക്തൃകാര്യ കമ്മീഷണറുടെ പരാമർശം (4) പ്രകാരമുള്ള റിപ്പോർട്ട് , ഹിയറിങ് വേളയിൽ ഹർജിക്കാന്റെ പ്രതിധിനിധി ഉയർത്തിയ വാദഗതികൾ എന്നിവ ബന്ധപ്പെട്ട ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു.

6. കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021, ഖണ്ഡിക 37 ൽ നോമിനേഷനിലൂടെ ലൈസൻസ് നൽകുന്നതോ അല്ലെങ്കിൽ ആശ്രിത നിയമനത്തിലൂടെ ലൈസൻസ് നൽകുന്നതോ അല്ലെങ്കിൽ സെയിൽസ്മാന് റേഷൻകടയുടെ

ലൈസൻസ് നൽകുന്നതോ സംബന്ധിച്ച് വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. എന്നാൽ കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 നിലവിൽ വന്ന 18.02.2021 ന് കേരള റേഷനിംഗ് ഓർഡർ 1966 പ്രകാരം നിലവിലുള്ള ലൈസൻസികൾക്ക് മാത്രമേ കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 ലെ ഖണ്ഡിക 37 (1) മുതൽ (6) വരെയുള്ള ഉപഖണ്ഡികകൾ ബാധകമാകുകയുള്ളൂ. KTPDS (Control) Order 2021 നിലവിൽ വന്ന 18.02.2021 ന്റെ മുമ്പ് ലൈസൻസ് റദ്ദ് ചെയ്ത് അറ്റാച്ച് ചെയ്ത് റേഷൻ കടയിലെ സെയിൽസ്മാന് പത്ത് വർഷത്തിൽ കൂടുതൽ അതേ റേഷൻകടയിൽ സെയിൽസ്മാനായി പ്രവർത്തി പരിചയം ഉണ്ടെങ്കിൽ കൂടിയും KTPDS (control) order 2021 ഖണ്ഡിക 37(5) പ്രകാരം നിയമനം ലഭിക്കാൻ അർഹത ഇല്ല. FPS 252, 14.01.2016 തീയതിയിൽ റദ്ദ് ചെയ്യപ്പെട്ടിട്ടുള്ളതാണ്. നിയമപരമായി പരിഗണിക്കാൻ കഴിയാത്തതിനാലാണ് ശ്രീ.രാജരത്നം സമർപ്പിച്ച അപേക്ഷ ജില്ലാ സപ്ലൈ ഓഫീസറും, അപ്പീൽ അപേക്ഷ ജില്ലാ കളക്ടറും നിരസിച്ച് ഉത്തരവായിട്ടുള്ളത്.

7. മേൽ സാഹചര്യത്തിൽ കോഴിക്കോട് താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലെ ന്യായവിലകട 252-ന്റെ ലൈസൻസി നിയമനത്തിനായി ശ്രീ.രാജരത്നം സമർപ്പിച്ച അപേക്ഷയിൻമേലുള്ള, കോഴിക്കോട് ജില്ലാ സപ്ലൈഓഫീസറുടെയും, ജില്ലാ കളക്ടറുടെയും നടപടിക്രമത്തിൽ ഇടപെടേണ്ട സാഹചര്യം നിലവിലില്ലാത്തതിനാൽ ആയതു ശരിവച്ചും ശ്രീ. രാജരത്നം സമർപ്പിച്ച പരാമർശം (4) പ്രകാരമുള്ള റിവിഷൻ ഹർജി നിരസിച്ചും ഇതിനാൽ ഉത്തരവാകുന്നു.

8. കോഴിക്കോട് ജില്ലയിലെ കോഴിക്കോട് താലൂക്കിലെ 252 നമ്പർ ന്യായവില കടയുടെ സ്ഥിരം ലൈസൻസി നിയമനത്തിനുള്ള വിജ്ഞാപന നടപടികളുമായി മുന്നോട്ടു പോകാൻ കോഴിക്കോട് ജില്ലാ സപ്ലൈ ആഫീസർക്കു നിർദേശം നല്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJENDRAN CHETTIYAR K
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. രാജരത്നം, കുന്നത്തുഹൗസ്, ചാലിയം, കടലുണ്ടി.
2.പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ,തിരുവനന്തപുരം
3. ജില്ലാ കളക്ടർ കോഴിക്കോട്.
4.ജില്ലാ സപ്ലൈ ഓഫിസർ, കോഴിക്കോട്
4. താലൂക്ക് സപ്ലൈ ഓഫിസർ, കോഴിക്കോട്
5. വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
6. കരുതൽ ഫയൽ (FCSD -B2/53/2024-FCSD)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 31-08-2024 09:59:54
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. ഭക്ഷ്യ പൊതുവിതരണ സെക്രട്ടറിയുടെ പി. എ.യ്ക്ക്

ഭക്ഷ്യ പൊതുവിതരണ ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഭക്ഷ്യ പൊതുവിതരണ ഡെപ്യൂട്ടി സെക്രട്ടറിക്ക്